**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5653** **16-03-2023 - ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ നിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നും എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ (25/05/2016 മുതൽ 28/02/2023 വരെ) 7371.16 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് വിതരണം ചെയ്തിട്ടുണ്ട്. 7,41,137 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ ദുരിതാശ്വാസ നിധിയിലേക്കുള്ള എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷയിന്മേൽ തീർപ്പ് കൽപ്പിക്കാനുണ്ടെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത കാലയളവിൽ ദുരിതാശ്വാസ നിധിയിലേക്കുള്ള 2,26,760 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്, 12,151 അപേക്ഷയിൻമേൽ തീർപ്പ് കൽപ്പിക്കാനുണ്ട്. |
| (സി) | അപേക്ഷ ലഭിക്കുന്നത് മുതൽ തീർപ്പാക്കും വരെ എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചുവരുന്നതെന്നും എത്ര ദിവസം കൊണ്ട് അപേക്ഷകൾ തീർപ്പ് കൽപ്പിക്കാനാകുമെന്നും വിശദമാക്കാമോ? | (സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ വില്ലേജ് ഓഫീസർ അന്വേഷണം നടത്തി തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും റിപ്പോർട്ടിന്റെ അടിസ്ഥാ നത്തിൽ അർഹമായ അപേക്ഷകളിൽ തഹസിൽദാർ ധനസഹായം അനുവദിക്കുന്നതിനുള്ള ശുപാർശ സഹിതം അപേക്ഷകൾ ജില്ലാ കലക്ടർക്ക് സമർപ്പിക്കുകയും തഹസിൽദാറുടെയും വില്ലേജ് ഓഫീസറുടെയും റിപ്പോർട്ടുകളും അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന രേഖകളും മറ്റും പരിശോധിച്ച് ജില്ലാ കലക്ടർ തലത്തിൽ അനുവദിക്കാവുന്ന 10000/- രൂപ വരെയുള്ള ചികിത്സ ധനസഹായം ജില്ല കലക്ടർ അനുവദിക്കുകയും, ചികിത്സ ചെലവേറിയ ക്യാൻസർ, ഹൃദ്രോഗം, വൃക്ക സംബന്ധമായ മാരക രോഗങ്ങൾ, അപകട മരണം, തീപ്പിടുത്തം, പ്രളയം. പ്രകൃതി ദുരന്തം എന്നിവ മൂലമുള്ള നാശനഷ്ടങ്ങൾ എന്നിവയിൽ അർഹമായ ധനസഹായം അനുവദിയ്ക്കുന്നതിന് ജില്ലാ കലക്ടർ സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുകയും ചെയ്യുന്നു. അനർഹമായ അപേക്ഷകൾ നിരസിക്കുകയും ചെയ്യുന്നു. ചികിത്സ സഹായത്തിനായുള്ള അപേക്ഷകളിൽ |

| | | | |
|---|---|---|---|
| | | | രോഗത്തിന്റെ തീവ്രതയും കാഠിന്യവും, മെഡിക്കൽ സർട്ടിഫിക്കറ്റിലെ ചെലവായ തുകയും മറ്റു ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് ആനുപാതികമായ ഒരു ആശ്വാസ ധനസഹായമാണ് സർക്കാർ അനുവദിക്കുന്നത്. CMDRF ന്റെ ചുമതലയുള്ള സ്പെഷ്യൽ സെക്രട്ടറി തലത്തിൽ 15000/- രൂപയും റവന്യൂ വകുപ്പ് മന്ത്രി തലത്തിൽ 25000/- രൂപയും ബഹു. മുഖ്യമന്ത്രി തലത്തിൽ 3 ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്. വിവിധ തലങ്ങളിൽ അനുവദിക്കുന്ന തുക ഉത്തരവായ ശേഷം DBT മുഖേന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ എത്തിച്ചേരുകയാണുള്ളത്. അപകട മരണങ്ങൾക്ക് നിയമപരമായ അവകാശിക്ക് ഒരു ലക്ഷം രൂപയും തീപിടുത്തത്തിൽ വാസഗൃഹം നഷ്ടപ്പെട്ടവർക്ക് നഷ്ടത്തിന്റെ ശതമാന തോത്, നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് പരമാവധി 4 ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്. അപേക്ഷകൾ പൂർണ്ണമായും ഓൺലൈനായാണ് കൈകാര്യം ചെയ്യുന്നത്. അപാകതകൾ പരിഹരിച്ച് ലഭ്യമാകുന്ന മുറക്ക് പരമാവധി വേഗത്തിൽ അപേക്ഷകൾ തീർപ്പാക്കി വരുന്നു. അർഹതയുള്ള എല്ലാ അപേക്ഷകളിലും 100 മണിക്കൂറിനുള്ളിൽ സഹായധനം അവരുടെ അക്കൗണ്ടുകളിൽ ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് സർക്കാരിനുള്ളത്. അതു നിറവേറ്റാനുള്ള സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തി വരികയുമാണ്. |

സെക്ഷൻ ഓഫീസർ